"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

KSHB Building, ശാന്തിനഗർ,
തിരുവനന്തപുരം - 695 001.

നമ്പർ:- സി1/7547/15

തീയതി:- 20.08.2015.

## ഭേദഗതി അറിയിപ്പ് 3 (Prospectus No. NCVT/01/2015)

സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ കളിൽ 2015 ആഗസ്റ്റ് സെഷനിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസുകൾ 08.06.15 ന് വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. 04.08.2014 ലെ DGE&T-19/06(1)/2014-CD നമ്പർ കത്ത് പ്രകാരം നിർത്തലാക്കിയ 20 ട്രേഡുകളിൽ ഒന്നായ Driver Cum Mechanic ട്രേഡിൽ 2015 ആഗസ്റ്റ് സെഷനിൽ കൂടി പ്രവേശനം നടത്തുവാൻ 05.08.2015 ലെ MSDE-19/3/2015-CD നമ്പർ കത്ത് പ്രകാരം DGT ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നു. ടി സാഹചര്യത്തിൽ **പ്രോസ്പെക്ടസ് നമ്പർ. NCVT/01/2015** ലെ അനുബന്ധം 2 പട്ടികയിലെ ചുവടെ പറയുന്ന സ്ഥാപനങ്ങളുടെ മെട്രിക് ട്രേഡുകൾ എന്ന ഭാഗത്ത് അവസാനമായി Driver Cum Mechanic എന്ന ട്രേഡ് കൂടി ഉൾപ്പെടുത്തി ടി പ്രോസ്പെക്ടസ് ഭേദഗതി വരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഐ.ടി.ഐകളുടെ പേരും, ജില്ലയും | ട്രേഡുകൾ | പ്രവേശനം നൽകുന്ന യൂണിറ്റുകൾ |
|---|---|---|---|
| 1. | ഗവൺമെന്റ് ഐ.ടി.ഐ ധനുവച്ചപുരം, തിരുവനന്തപുരം. | ***മെട്രിക് ട്രേഡുകൾ*** | |
| | | 15. ഡ്രൈവർ കം മെക്കാനിക് | 1 |
| 6. | ഗവൺമെന്റ് ഐ.ടി.ഐ ചന്ദനത്തോപ്പ്, കൊല്ലം. | ***മെട്രിക് ട്രേഡുകൾ*** | |
| | | 14. ഡ്രൈവർ കം മെക്കാനിക് | 1 |
| 11. | ഗവൺമെന്റ് ഐ.ടി.ഐ ചെന്നീർക്കര, പത്തനംതിട്ട. | ***മെട്രിക് ട്രേഡുകൾ*** | |
| | | 4. ഡ്രൈവർ കം മെക്കാനിക് | 1 |
| 12. | ഗവൺമെന്റ് ഐ.ടി.ഐ ചെങ്ങന്നൂർ, ആലപ്പുഴ. | ***മെട്രിക് ട്രേഡുകൾ*** | |
| | | 16. ഡ്രൈവർ കം മെക്കാനിക് | 1 |
| 15. | ഗവൺമെന്റ് ഐ.ടി.ഐ ഏറ്റുമാനൂർ, കോട്ടയം. | ***മെട്രിക് ട്രേഡുകൾ*** | |
| | | 13. ഡ്രൈവർ കം മെക്കാനിക് | 1 |
| 16. | പി.റ്റി.സി.എം ഗവ: ഐ.ടി.ഐ പള്ളിക്കത്തോട്, കോട്ടയം. | ***മെട്രിക് ട്രേഡുകൾ*** | |
| | | 13. ഡ്രൈവർ കം മെക്കാനിക് | 1 |
| 37. | ഗവൺമെന്റ് ഐ.ടി.ഐ കാസർഗോഡ് | ***മെട്രിക് ട്രേഡുകൾ*** | |
| | | 7. ഡ്രൈവർ കം മെക്കാനിക് | 2 |

പ്രോസ്പെക്ടസ് നമ്പർ. NCVT/01/2015-ലെ അനുബന്ധം 2 പട്ടികയിൽ വരുത്തിയ ഭേദഗതി അനുസരിച്ച്, "**ഡ്രൈവർ കം മെക്കാനിക്**" എന്ന ട്രേഡ് കൂടി ടി പ്രോസ്പെക്ടസിലെ അനുബന്ധം - 1 പട്ടികയിൽ ക്രമനമ്പർ. 48 ആയി ഉൾപ്പെടുത്തി ഭേദഗതി വരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ട്രേഡിന്റെ പേര് | കോഴ്സിന്റെ കാലാവധി | നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 48 | ഡ്രൈവർ കം മെക്കാനിക് | 6 മാസം (1 സെമസ്റ്റർ) | എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യത വിജയിച്ചിരിക്കണം. |

പ്രോസ്പെക്ടസ് നമ്പർ. NCVT/01/2015-ലെ പേജ് നമ്പർ. 18-ൽ രേഖപ്പെടുത്തിയിരിക്കുന്ന "*ക്രമനമ്പർ. 6 മുതൽ 47 വരെയുള്ള ട്രേഡുകൾക്ക് മെട്രിക് ട്രേഡിനുള്ള അപേക്ഷാഫാറം ഉപയോഗിക്കണം*" എന്നത് "*ക്രമനമ്പർ. 6 മുതൽ 48 വരെയുള്ള ട്രേഡുകൾക്ക് മെട്രിക് ട്രേഡിനുള്ള അപേക്ഷാഫാറം ഉപയോഗിക്കണം*" എന്ന് തിരുത്തി വായിക്കേണ്ടതാണ്.

പ്രോസ്പെക്ടസ് നമ്പർ. NCVT/01/2015-ലെ പേജ് നമ്പർ. 5 ൽ **പ്രായവും, ശാരീരിക യോഗ്യതയും** എന്ന ഭാഗത്ത് "ഡ്രൈവർ കം മെക്കാനിക് ട്രേഡിൽ അപേക്ഷിക്കുന്നവർക്ക് 31.07.2015-ൽ 18 വയസ്സ് പൂർത്തിയായിരിക്കണം" എന്ന് കൂട്ടിച്ചേർത്ത് വായിക്കേണ്ട**താണ്.**

**സെക്രട്ടറി, എസ്.സി.വി.റ്റി**

എല്ലാ ഗവ. ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
(വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന)

Note: 1. ഡ്രൈവർ കം മെക്കാനിക് ട്രേഡിലേക്കുള്ള പ്രവേശനത്തിന് പുതിയതായി അപേക്ഷകൾ സ്വീകരിക്കേണ്ടതാണ്.

2. 13.08.2015-ലെ സി1/7548/15 നമ്പർ കത്ത് പ്രകാരമുള്ള കലണ്ടർ അനുസരിച്ച് അപേക്ഷകൾ ക്ഷണിച്ച് അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.